പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 195 18.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. റൂട്ടുകളിലെ സമാന്തര സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ :<br>" എളമരം കരീം :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. എ. എം. ആരിഫ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നതും പ്രസ്തുത റൂട്ടുകളിൽ സമാന്തര സർവ്വീസുകാർ ട്രിപ്പുകൾ കൂട്ടി അമിതലാഭം കൊയ്തുകൊണ്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല.<br>സമാന്തര സർവ്വീസുകൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സമാന്തര സർവ്വീസുകാരുടെ ഭീഷണി കാരണം രാത്രി കാലങ്ങളിലെ സർവ്വീസ് നടത്താൻ കെ.എസ്.ആർ.ടി.സി ജീവനക്കാർ വിഷമിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി സർവ്വീസുകൾക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഇത്തരത്തിലൊരു നിർദ്ദേശം നിലവിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെയും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിലെയും ഉദ്യോഗസ്ഥർ ചേർന്നുള്ള ഒരു സംയുക്ത സംവിധാനം തലസ്ഥാന നഗരത്തിലേക്കുള്ള സമാന്തര സർവ്വീസുകളെ നിയന്ത്രിക്കുന്നതിന് ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. |
| (ഡി) | ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ കെ.എസ്.ആർ.ടി.സി.യുടെ പല സർവ്വീസുകളും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ജീവനക്കാരുടെ കുറവ് കാരണം സർവ്വീസുകൾ സാധാരണ ഗതിയിൽ മുടങ്ങാറില്ല. വരുമാനം തീരെ ലഭ്യമാകാത്ത സർവ്വീസുകൾ ചിലപ്പോൾ താൽക്കാലികമായി റദ്ദാക്കാറുണ്ടെന്ന് മാത്രം. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ? | (ഇ) | ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിലേക്കായി ഡ്രൈവർമാരുടെ ഒഴിവുകൾ, ലഭ്യമായ പി.എസ്.സി. അഡ്വൈസ് ലിസ്റ്റിൽ നിന്നും നികത്തിക്കഴിഞ്ഞു. കണ്ടക്ടർ തസ്തികയുടെ പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് ഉടൻ ലഭ്യമാകുമെന്നു പ്രതീക്ഷിക്കുന്നു. മെക്കാനിക്കിന്റെ ഒഴിവുകൾ നിലവിൽ ലഭ്യമായ പി.എസ്.സി. അഡ്വൈസ് ലിസ്റ്റിൽ നിന്നും നികത്തിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ